**Week 3**

# Weekly Devotion - November 2017

## A Prepared lamp (ഒരുക്കിയ ദീപം)




1994 ഏപ്രിൽ മാസത്തിൽ ടെക്സാസിൻ ഒരു ഭീകര കൊടുങ്കാറ്റടിച്ചു. പ്രകൃതിയുടെ ക്ഷോഭത്താൽ സകലവും തകർത്തു കളഞ്ഞു. ആ പ്രദേശം തകർത്ത് അനേകരുടെ ജീവൻ നഷ്ടമായപ്പോഴും ഒരു കുടുംബത്തെ ദൈവം സൂക്ഷിച്ചു. സ്വന്തം വീട് തകർക്കുമ്പോഴും ജെനി പ്രാർത്ഥിച്ചത് "യേശുവേ നീ ഞങ്ങളുടെ രക്ഷകൻ, ഞങ്ങളെ രക്ഷിക്കേണമേ സ്തോത്രം" എന്നാണ്. അതോടൊപ്പം തന്റെ ഭാര്യയോടും കൊച്ചുമോനോടും അപ്രകാരം പറയുവാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. "ചുറ്റും എന്തും നടക്കട്ടെ സ്വർഗ്ഗം നിനക്കായി ചായിച്ചിരിക്കുന്നു" എന്ന സ്വർഗ്ഗീയ ശബ്ദം ജെനിക്ക് ശക്തി നൽകി. അതേ! ദൈവം ഒരു കുടുംബത്തെ ഒരുക്കി എടുക്കുകയായിരുന്നു.

സങ്കീ (132 :17) ൽ "എന്റെ അഭിഷക്തന് ഒരു ദീപം ഒരുക്കിയിട്ടുണ്ട് " എന്ന പ്രസ്താവനയിൽ നിന്നും "ദീപം" എന്ന വാക്കിന് അനന്തരാവകാശി എന്നാണ് അർത്ഥം. തന്റെ അഭിഷക്തനായ ദാവീദിന് യഹോവ ഒരു അവകാശിയെ നിലനിർത്തിയതായിരുന്നു, ശലോമോൻ എന്നാൽ അദ്ദേഹത്തിന്റെ ഹൃദയം പിതാവായ ദാവീദിനെപ്പോലെ ദൈവസന്നിധിയിൽ ഏകാഗ്രമായിരുന്നില്ല. യഹോവ അവന്റെ രാജത്വം ദാവീദിനെ ഓർത്ത് നിലനിർത്തി. ശലോമോന്റെ മകനെ

അവന്റെ അനന്തരാവകാശിയായി ഉയർത്തിയും യെരുശലേമിനെ നില നിർത്തിയും കൊണ്ട് അവന് യെരുശലേമിൽ ഒരു ദീപം നൽകി. (1 രാജ 15:4), തുടർന്നുള്ളവരും യഹോവയ്ക്കനിഷ്ടമായുള്ളതു ചെയ്തു എങ്കിലും ദാവീദി നോട് ചെയ്തിരുന്ന നിയമം നിമിത്തം അവനും അവന്റെ പുത്രന്മാർക്കും ഒരു ദീപം എല്ലായിപ്പോഴും കൊടുക്കുമെന്ന് അറിയിച്ചതനുസരിച്ച് ദാവീദുഗ്രഹത്തെ നശിപ്പിച്ചില്ല എന്ന് (2 ദിന:21:7)ൽ കാണുന്നു. 2 ശമു (22:29)ൽ കർത്താവിനെ ഒരു ദീപമായി വിവരിച്ചിരിക്കുന്നു. തന്റെ അഭിഷക്തന്റെ വംശം അറ്റു പോകാതിരിക്കു വാനാണ് ദൈവം അതിനെ സംരക്ഷിക്കുന്നത്.

“യിസ്രായേൽ മക്കളുടെ എണ്ണം കടലയ്ക്കരയിലെ മണൽപോലെ ആയിരു ന്നാലും ഒരു ശേഷിപ്പേ രക്ഷപെടു” എന്ന് യെശയ്യാവ് വിളിച്ചു പറഞ്ഞത് സത്യമാണ്. വാഗ്ദത്തദേശം ഒറ്റുനോക്കാൻ പോയവരിൽ രണ്ടുപേർ ഒഴികെ ബാക്കിയുള്ളവർ യഹോവയ്ക്ക് വിരോധമായി സംസാരിച്ചതിനാൽ ശിക്ഷകിട്ടി. ഇരുപത് വയസ്സിനുമുകളിലുള്ള ആരും ആ ദേശം കാണുകയില്ല എന്ന് മാത്രമല്ല അവരുടെ ശവങ്ങൾ മരുഭൂമിയിൽ വീഴും എന്നും വചനത്തിൽ രേഖപ്പെടുത്തിയി രിക്കുന്നു. കൊള്ളയാകുമെന്ന് നിങ്ങൾ പറഞ്ഞ കുഞ്ഞുകുട്ടികൾ നിങ്ങളുടെ മര ണശേഷം വാഗ്ദത്ത ദേശം കാണാം എന്നും യഹോവ വ്യക്തമാക്കി. (സംഖ്യ):12,13)

യഹോവ ഒരു വാക്കു പറഞ്ഞാൽ അത് നിശ്ചയമായും നടന്നിരിക്കും എന്നതിന്റെ തെളിവാണ് എബ്രായബാലന്മാർ. നെബുഖദ്നസ്സേറിന്റെ കൊട്ടാരത്തിൽ അശുദ്ധി എല്ക്കാത്ത നല്ല ശേഷിപ്പായി അവരെ സൂക്ഷിച്ചത് അഥവാ ഒരുങ്ങിയ ദീപമായി സൂക്ഷിച്ചത് യഹോവയാണ്, (ദാനി 1:17)

എല്ലാവരാലും പീഢകൾ ഏറ്റിട്ടും തന്റെ ജീവിതയാത്രയിൽ അശുദ്ധി ഏല്ക്കാതെ യോസഫിനെ പ്രകാശിപ്പിച്ചത് അവനെ ഒരുക്കി എടുത്ത യഹോവ യാണ് ഉല്പത്തി(41:38-39) മലിനത വർദ്ധിച്ചു വരുന്ന ഇന്നത്തെ ലോകത്തിൽ കർത്താവാൽ ഒരുക്കപ്പെട്ട ദീപമായി അഥവാ കർത്താവുനുവേണ്ടി ജ്വലിച്ചു പ്രകാശിക്കുന്ന അഭിഷക്തനാകുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind